(ഇ) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് മാത്രമായി പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) പരിഗണനയിലാണ്

(ബി) വേണ്ടത്ര സ്ഥലസൗകര്യമുള്ള സർക്കാർ സ്കൂളുകൾ സ്വന്തം ചെലവിൽ നടത്തുന്നതിന് അതത് സ്കൂളുകളിലെ അദ്ധ്യാപക-രക്ഷാകർതൃ സമിതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) സർക്കാർ ഉത്തരവ് നമ്പർ (സാധാരണ) 2453/68/പൊ.വി. തീയതി, 15-7-88 പ്രകാരം സ്ഥലസൗകര്യമുള്ള സർക്കാർ സ്കൂളുകളിൽ പി.ടി.എ.യുടെ മേൽനോട്ടത്തിൽ ആണ് പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നത്.

(ഡി) പരിഗണിക്കുന്നതാണ്

(ഇ) ഇല്ല.

നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യവസായ പാർക്കുകൾ

27 (*117) ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും സദയം വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) വ്യവസായ പാർക്കുകളുടെ നിർമ്മാണത്തിനുവേണ്ടി ആവശ്യമായ ഫണ്ട് സ്വരൂപിക്കുവാൻ ആലോചിക്കുമോ ;

(ഡി) വ്യവസായ പാർക്കുകളുടെ നിർമ്മാണം ഏത് ഏജൻസിയെക്കൊണ്ട് നടത്തിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(ഇ) ഇതിനുവേണ്ടി എത്ര നിയോജക മണ്ഡലങ്ങളിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത പദ്ധതിക്ക് തുടക്കം കുറിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീമതി സുശീലാ ഗോപാലൻ) :

(എ) പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) ഓരോ നിയോജക മണ്ഡലത്തിലും അഞ്ച് ഏക്കറിൽ കുറയാതെ ഭൂമി സൗജന്യമായി ലഭിക്കുന്ന മുറയ്ക്ക് സ്ഥലം എം.എൽ.എ.മാരെയും ബന്ധപ്പെടുത്തി പാർക്കിനുള്ള പ്രവർത്തനങ്ങൾ തുടങ്ങുക എന്നതാണ് പരിപാടി. ഇതുവരെയായി 37 മണ്ഡലങ്ങളിൽ സ്ഥലനിർണ്ണയം നടത്തിയിട്ടുണ്ട്.

(സി) ഇതിനോടകം 55 ലക്ഷം രൂപ ലഭ്യമാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ തുക നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ലോക്കൽ ഏജൻസിയായി സിഡ്കോയെ നിയമിച്ചിട്ടുണ്ട്.

(ഇ) 37 നിയോജക മണ്ഡലങ്ങളിൽ പാർക്ക് ആരംഭിക്കുന്നതിനുള്ള സ്ഥലത്തിന് വാഗ്ദാനം ലഭിച്ചിട്ടുണ്ട്. ഇവയിൽ കൈമാറിക്കിട്ടിയ 11 എണ്ണത്തിൽ വികസന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

(എഫ്) പ്രസ്തുത പദ്ധതി തുടങ്ങിക്കഴിഞ്ഞു.

ഭിക്ഷാടകരായ കുട്ടികളെ പുനരധിവസിപ്പിക്കാൻ നടപടി

28 (*118) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 14 വയസ്സിന് താഴെയുള്ള കുട്ടികൾ തലസ്ഥാനത്തും മറ്റ് നഗരങ്ങളിലും അലഞ്ഞു തിരിഞ്ഞും ഭിക്ഷയാചിച്ചും നടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കുട്ടികളെ ചില സാമൂഹ്യവിരുദ്ധർ തട്ടിക്കൊണ്ടുപോയി ഭിക്ഷ യാചിക്കുവാൻ പ്രേരിപ്പിക്കുകയും മോഷണം നടത്താൻ ഉപയോഗിക്കുകയും ചെയ്യുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതേക്കുറിച്ച് പഠനം നടത്തി ഇവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സംസ്ഥാനത്ത് ഇപ്പോഴും പല ഹോട്ടലുകളിലും ഫാക്ടറികളിലും കുട്ടികളെക്കൊണ്ട് കഠിനാദ്ധ്വാനം ചെയ്യിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീമതി സുശീലാ ഗോപാലൻ) :

(എ & ബി) ഇതു സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) തലസ്ഥാനത്തും മറ്റു നഗരങ്ങളിലും അലഞ്ഞു തിരിഞ്ഞു നടക്കുന്ന കുട്ടികൾ ഭൂരിഭാഗവും അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly